**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** **07-07-2022 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ ക്ഷേമ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വിവിധ ക്ഷേമ പെൻഷനുകളിലൂടെ 2016 ജൂൺ മുതൽ 2021 മെയ് 31 വരെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിൽ 2016 ജൂൺ മുതൽ 2021 മെയ് 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 732.79 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>ഇക്കാലയളവിൽ വിവിധ ക്ഷേമ നിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്ക് 115.56 കോടി രൂപയും സാംസ്കാരികം വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 1.46 ലക്ഷം രൂപയും, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 1.48 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ജില്ലയിലെ എത്ര ഗുണഭോക്താക്കൾക്കാണ് പ്രസ്തുത തുക ലഭ്യമായതെന്ന് വ്യക്തമാക്കാമോ; | (ബി) | വയനാട് ജില്ലയിലെ 113,755 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾക്കാണ് തുക നൽകിയിട്ടുള്ളത്.<br><br>17,568 ഗുണഭോക്താക്കൾക്കാണ് വിവിധ ക്ഷേമ നിധി ബോർഡു പെൻഷനുകൾ ലഭിച്ചിരുന്നത്. ഇതു കൂടാതെ സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷൻ 3 ഗുണഭോക്താക്കൾക്കും കായികയുവജനക്ഷേമം വകുപ്പുകൾ മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾ 3 ഗുണഭോക്താക്കൾക്കും ലഭിച്ചിരുന്നു. |
| (സി) | 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വിവിധ ക്ഷേമ പെൻഷനുകളിലൂടെ എത്ര തുക വിതരണം ചെയ്തുവെന്നും ആയതിന് എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ; | (സി) | 2011 മുതൽ 2016 വരെയുള്ള കാലയളവിൽ വയനാട് ജില്ലയിൽ 86962 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 228.38 കോടി രൂപ വിതരണം ചെയ്തിട്ടുള്ളതാണ്.<br><br>ഇക്കാലയളവിൽ വിവിധ ക്ഷേമ നിധി ബോർഡുകളിലെ 15,468 പെൻഷൻ ഗുണഭോക്താക്കൾക്ക് 49.58 കോടി രൂപയും സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്ന 3 പേർക്ക് 1.48 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2021 ജൂൺ മുതൽ 2022 മാർച്ച് 31 വരെ വയനാട് ജില്ലയിൽ ക്ഷേമ പെൻഷനുകളിലൂടെ വിതരണം ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 2021 ജൂൺ മുതൽ 2022 മാർച്ച് 31 വരെ വയനാട് ജില്ലയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 196.68 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>ഇക്കാലയളവിൽ വിവിധ ക്ഷേമ നിധി ബോർഡു പെൻഷൻ ഗുണഭോക്താക്കൾക്ക് 30.37 കോടി രൂപയും സാംസ്കാരിക വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 16,000/- രൂപയും, കായിക യുവജനക്ഷേമം വകുപ്പ് മുഖേനയുള്ള പെൻഷനുകൾ ലഭിക്കുന്നവർക്ക് 36,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ